**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3274** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഭാഷാ അധ്യാപകരുടെ സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിൽ 2018 മുതൽ 2024 വരെയുള്ള വർഷങ്ങളിൽ എച്ച്.എസ്.ടി. പാർട്ട് ടൈം അറബിക് തസ്തികയിൽ നിന്നും എച്ച്.എസ്.ടി. ഫുൾടൈം തസ്തികയിലേക്ക് ആകെ എത്ര പേർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | കൊല്ലം ജില്ലയിൽ 2018 മുതൽ 2024 വരെയുള്ള വർഷങ്ങളിൽ എച്ച്.എസ്.ടി. പാർട്ട് ടൈം അറബിക് തസ്തികയിൽ നിന്നും എച്ച്.എസ്.ടി. ഫുൾടൈം തസ്തികയിലേക്ക് ആകെ 5 പേർക്ക് പ്രമോഷൻ നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ പ്രമോഷൻ നൽകിയിട്ടുണ്ടെങ്കിൽ അതിനായി സ്വീകരിച്ച മാനദണ്ഡം വിശദമാക്കുമോ; | (ബി) | കെ.ഇ .ആർ അധ്യായം XIV (A) ചട്ടം 43 പ്രകാരമാണ് പ്രമോഷൻ നൽകിയിട്ടുള്ളത്. |
| (സി) | ഇത്തരത്തിൽ പ്രമോഷൻ നൽകുന്നതിനായി ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഇത്തരത്തിൽ പ്രമോഷൻ നൽകുന്നതിനായി ഉത്തരവ് ഇറക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. |
| (ഡി) | കൊല്ലം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 29.05.2018 -ലെ എ3/2919/2014, 08.02.2019-ലെ എ3/2913/2014, 12.02.2024 -ലെ എ3/4000/2023 എന്നീ നമ്പർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | 29.05.2018 -ലെ എ3/2919/2014 എന്ന ഫയൽ നമ്പർ ഉത്തരവ് കൊല്ലം ഡി.ഡി.ഇ പുറപ്പെടുവിച്ചിട്ടില്ല. എ3/2913/2014 തീയതി 29.05.2018 പ്രകാരമാണ് കൊല്ലം ഡി.ഡി.ഇ ഉത്തരവ് നൽകിയിട്ടുള്ളത്. പ്രസ്തുത ഉത്തരവും 08.02.2019 -ലെ എ3/2913/2014, 12.02.2024 -ലെ എ3/4000/2023 എന്നീ നമ്പർ ഉത്തരവുകളുടെ പകർപ്പും അനുബന്ധം യഥാക്രമം II, III, IV ആയി ചേർക്കുന്നു. |
| (ഇ) | 05.05.2018 -ലെ എ6/76182/17 നമ്പറായി പൊതു വിദ്യാഭ്യാസ ഡയറക്ടർ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇത്തരത്തിൽ കത്ത് നൽകാൻ ഉണ്ടായ സാഹചര്യം എന്താണെന്നും ഇങ്ങനെ ഒരു കത്ത് എന്തടിസ്ഥാനത്തിലാണ് നൽകിയതെന്നും വിശദമാക്കുമോ; | (ഇ) | 05.05.2018 -ലെ എ6/76182/17 നമ്പറായി പൊതുവിദ്യാഭ്യാസ ഡയറക്ടർ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയ കത്തിന്റെ പകർപ്പ് അനുബന്ധം V ആയി ചേർക്കുന്നു.<br><br>കൊല്ലം ജില്ലയിലെ റാങ്ക് ലിസ്റ്റിൽ നിന്നും കേരള പി.എസ്.സി മുഖാന്തരം പാർട്ട്ടൈം എച്ച്.എസ്.റ്റി (അറബിക്) തസ്തികയിൽ നിയമന ശുപാർശ ലഭിച്ചവർക്ക് നിയമനം നൽകുന്നതിന് കൊല്ലം ജില്ലയിൽ ഒഴിവുകൾ നിലവിലില്ലായിരുന്നു. ഈ സാഹചര്യത്തിൽ കൊല്ലം ജില്ലയിൽ ടി കാലയളവിൽ സേവനം ചെയ്തു വന്നിരുന്ന |

| | | | |
|---|---|---|---|
| | | | പാർട്ട്ടൈം എച്ച്.എസ്.റ്റി അറബിക് അദ്ധ്യാപകർക്ക് ഫുൾടൈം എച്ച്.എസ്.ടി അറബിക് തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നത് വഴി ഉണ്ടാകുന്ന ഒഴിവുകളിലേക്ക് പി.എസ്.സി വഴി നിയമന ശുപാർശ ലഭിച്ച പാർട്ട് ടൈം ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് സ്പഷ്ടീകരണം തേടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിലാണ് 05.05.2018 തീയതിയിലെ കത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടർ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയത്. |
| (എഫ്) | സംസ്ഥാനത്താകെ എച്ച്.എസ്.ടി, യു.പി.എസ്.ടി, എൽ.പി.എസ്.ടി വിഭാഗങ്ങളിലായി എത്ര ഭാഷാ അധ്യാപകർ (അറബിക്, ഉർദു, സംസ്കൃതം) പാർട്ട് ടൈം തസ്തികയിൽ ജോലി ചെയ്യുന്നുണ്ടെന്ന് ജില്ലയും വിഭാഗവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (എഫ്) | സംസ്ഥാനത്താകെ എച്ച്.എസ്.ടി, യു.പി.എസ്.ടി, എൽ.പി.എസ്.ടി വിഭാഗങ്ങളിൽ ഭാഷാ അധ്യാപകരായി (അറബിക്, ഉർദു, സംസ്കൃതം) പാർട്ട് ടൈം തസ്തികയിൽ ജോലി ചെയ്യുന്നവരുടെ ജില്ലയും, വിഭാഗവും തിരിച്ചുള്ള കണക്ക് അനുബന്ധം VI ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

DDEKLM/4000/2023-A3

10475/2024

"ഭരണഭാഷ – മാതൃഭാഷ"

## കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ നടപടി ഉത്തരവ്

(ഹാജർ - ലാൽ കെ ഐ PEN: 592041 )

വിഷയം:- പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - ഹൈ സ്കൂൾ വിഭാഗം ഭാഷാധ്യാപകരുടെ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം-പാർട്ട് ടൈം എച്ച് എസ് ടി അറബിക് തസ്തികയിൽ നിന്നും എച്ച് എസ് ടി അറബിക് തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:-
1. ശ്രീ അൻസാർ എസ്, സമർപ്പിച്ച 25/01/2024 ലെ അപേക്ഷ
2. ശ്രീ അബൂബക്കർ ടി പി, സമർപ്പിച്ച 22/01/2024 ലെ അപേക്ഷ

**ഉത്തരവ് നമ്പർ : എ 3/4000/2023/ഡി ഡി ഇ തീയതി : 12-02-2024**

കൊല്ലം ജില്ലയിൽ നിലവിൽ പാർട്ട് ടൈം എച്ച് എസ് ടി അറബിക് തസ്തികയിൽ സേവനം ചെയ്യുന്ന ചുവടെ പേര് ചേർത്തിരിക്കുന്ന അധ്യാപകരെ എച്ച് എസ് ടി അറബിക് തസ്തികയിലേക്ക് താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ | സ്ഥാനക്കയറ്റം വഴി നിയമനം നൽകിയ സ്കൂൾ |
|---|---|---|---|
| 1 | അൻസാർ എസ് | ജി വി എച്ച് എസ് എസ് വെസ്റ്റ് കൊല്ലം | എം വി ജി വി എച്ച് എസ് എസ് , പേരൂർ |
| 2. | അബൂബക്കർ ടി പി | എം വി ജി വി എച്ച് എസ് എസ് , പേരൂർ | ജി എച്ച് എസ് എസ് പുനലൂർ |

സ്ഥാനക്കയറ്റം വഴിയുള്ള നിയമനം താൽക്കാലികം മാത്രമാണെന്നും ഏത് സമയത്തും പുന:പരിശോധനയ്ക്ക് വിധേയമാണെന്നും , ഏതെങ്കിലും കാരണവശാൽ തസ്തിക നഷ്ടം മൂലമോ അല്ലാതെയോ തസ്തിക ഇല്ലാതായാൽ മുൻകൂർ അറിയിപ്പില്ലാതെ മുൻഗണനാക്രമം അനുസരിച്ച് തിരിച്ച് പഴയ തസ്തികയിലേക്ക് മാറ്റപ്പെടുന്നതാണ്.

സ്ഥാനക്കയറ്റം വഴി നിയമനം ലഭിച്ച അധ്യാപകർ ജോലിയിൽ പ്രവേശിച്ച് തുടർച്ചയായ രണ്ടു വർഷത്തിനുള്ളിൽ ഒരു വർഷം നിരീക്ഷണകാലമായിരിക്കും. സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകർ പുതിയ ലാവണത്തിൽ ഉടൻ പ്രാബല്യത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതും ബന്ധപ്പെട്ട സ്കൂൾ പ്രധാനാധ്യാപകർ , ജോലിയിൽ പ്രവേശിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

OFFICE OF THE DEPUTY DIRECTOR OF EDUCATION KOLLAM

Sd/-
വിദ്യാഭ്യാസ ഉപഡയറക്ടർ,
കൊല്ലം

സ്വീകർത്താവ് :
1. അൻസാർ എസ് , പാർട്ട് ടൈം എച്ച് എസ് ടി അറബിക്
2. അബൂബക്കർ ടി പി , പാർട്ട് ടൈം എച്ച് എസ് ടി അറബിക്

പകർപ്പ്
1. പ്രധാനാധ്യാപകൻ , ജി വി എച്ച് എസ് എസ് വെസ്റ്റ് കൊല്ലം
2. പ്രധാനാധ്യാപകൻ, എം വി ജി വി എച്ച് എസ് എസ് , പേരൂർ
3. പ്രധാനാധ്യാപകൻ, ജി എച്ച് എസ് എസ് പുനലൂർ
3. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ,കൊല്ലം / പുനലൂർ
4. കരുതൽ ഫയൽ

സെക്ഷൻ ഓഫീസർ

CamScanner

## കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം :- വിദ്യാഭ്യാസം -ജീവനക്കാര്യം- ഹൈസ്കൂൾ ടീച്ചർ അറബിക് ഫുൾ ടൈം തസ്തികയിലേക്ക് പാർട്ട് ടൈം ഹൈസ്കൂൾ ടീച്ചർമാരിൽ നിന്നുള്ള താൽക്കാലിക സ്ഥാനക്കയറ്റം- ഉത്തരവ് നൽകുന്നു.

പരാമർശം :- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 05.05.2018 ലെ എ.6/76182/17/ ഡി.പി.ഐ നമ്പർ കത്ത്

### ഉത്തരവ് നമ്പർ എ.3/2913/2014 തീയതി.29.05.2018

കൊല്ലം ജില്ലയിൽ നിലവിലുള്ള ഫുൾ ടൈം ഹൈസ്കൂൾ ടീച്ചർ (അറബിക്) തസ്തികയിലേക്ക് പരാമർശം (1) ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിരീക്ഷണകാലം പൂർത്തിയാക്കിയ പാർട്ട് ടൈം ഹൈസ്കൂൾ ടീച്ചർ (അറബിക്) തസ്തികയിൽ ജോലി ചെയ്തുവരുന്ന താഴെ പേര് ചേർത്തിരിക്കുന്ന അധ്യാപകരെ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

ഈ സ്ഥാനക്കയറ്റം വഴിയുള്ള നിയമനം താൽക്കാലികം മാത്രമാണെന്നും ഏത് സമയത്തും പുനഃപരിശോധനയ്ക്ക് വിധേയമാണെന്നും, ഏതെങ്കിലും കാരണവശാൽ തസ്തിക നഷ്ടം മൂലമോ അല്ലാതെയോ തസ്തിക ഇല്ലാതായാൽ മുൻകൂർ അറിയിപ്പില്ലാതെ മുൻഗണനാക്രമം അനുസരിച്ച് തിരിച്ച് പഴയ തസ്തികയിലേക്ക് മാറ്റപ്പെടുന്നതുമാണ്.

സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകർ സ്ഥാനക്കയറ്റം പരിത്യജിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ 7 ദിവസത്തിനകം സ്കൂൾ മേധാവി മുഖാന്തരം പരിത്യജനപത്രം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ പരിത്യജനപത്രം ലഭിച്ചില്ലായെങ്കിൽ സ്ഥാനക്കയറ്റം സ്വീകരിച്ചതായി പരിഗണിയ്ക്കുന്നതാണ്. സ്ഥാനക്കയറ്റം വഴി നിയമനം ലഭിച്ച അധ്യാപകർ പുതിയ ലാവണത്തിൽ ഉടൻ പ്രാബല്യത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതും ബന്ധപ്പെട്ട സ്കൂൾ മേധാവികൾ ജോലിയ്ക്ക് ചേർന്ന വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്,

| ക്രമ നമ്പർ | അധ്യാപകന്റെ പേരും, സ്കൂളും | സ്ഥാനക്കയറ്റം നൽകി നിയമിച്ച സ്കൂളിന്റെ പേര് |
|---|---|---|
| 1 | സ്വാലിഹ.പി.എ<br>എൽ.വി.എച്ച്.എസ്, കടപ്പ | ഗവൺമെന്റ് ഹൈസ്കൂൾ<br>കരുനാഗപ്പള്ളി |
| 2 | മുഹമ്മദ് ബാസിം<br>ഗവ.വി.എച്ച്.എസ്, കൊറ്റൻകുളങ്ങര | ഗവൺമെന്റ് ഹൈസ്കൂൾ<br>ചാത്തന്നൂർ |

ശ്രീകല.കെ.എസ്
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം

സ്വീകർത്താവ്:-

1. ശ്രീമതി.സ്വാലിഹ.പി.എ/ശ്രീ.മുഹമ്മദ് റാഫി
2. പ്രധാനാധ്യാപകൻ, ഗവ.ഹൈസ്കൂൾ കരുനാഗപ്പള്ളി/ചാത്തന്നൂർ/എൽ.വി.എച്ച്.എസ്, കടപ്പ/ഗവ.വി.എച്ച്.എസ്, കൊറ്റൻകുളങ്ങര

പകർപ്പ്:-
ജില്ലാ വിദ്യാഭ്യാസ ആഫീസർ, കൊല്ലം

സെക്ഷൻ ഓഫീസർ

# കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം :- വിദ്യാഭ്യാസം -ജീവനക്കാര്യം- ഹൈസ്കൂൾ ടീച്ചർ അറബിക് ഫുൾ ടൈം തസ്തികയിലേക്ക് പാർട്ട് ടൈം ഹൈസ്കൂൾ ടീച്ചർമാരിൽ നിന്നുള്ള താൽക്കാലിക സ്ഥാനക്കയറ്റം- ഉത്തരവ് നൽകുന്നു.

പരാമർശം :- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 05.05.2018 ലെ എ.6/76182/17/ ഡി.പി.ഐ നമ്പർ കത്ത്.

## ഉത്തരവ് നമ്പർ എ.3/2913/2014 തീയതി. 08.02.2019

കൊല്ലം ജില്ലയിൽ തഴവ.ഗവ.എ.വി.എച്ച്.എസ്സിൽ നിലവിലുള്ള ഫുൾ ടൈം ഹൈസ്കൂൾ ടീച്ചർ (അറബിക്) തസ്തികയിലേക്ക് പാർട്ട് ടൈം ഹൈസ്കൂൾ ടീച്ചർ (അറബിക്) തസ്തികയിൽ നിരീക്ഷണകാലം പൂർത്തിയാക്കിയ വെസ്റ്റ് കൊല്ലം ഗവ ഹൈസ്കൂളിലെ അധ്യാപകനായ ശ്രീ.അഹമ്മദ്കോയ.സിയെ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

ഈ സ്ഥാനക്കയറ്റം വഴിയുള്ള നിയമനം താൽക്കാലികം മാത്രമാണെന്നും ഏത് സമയത്തും പുനഃപരിശോധനയ്ക്ക് വിധേയമാണെന്നും, ഏതെങ്കിലും കാരണവശാൽ തസ്തിക നഷ്ടമം മൂലമോ അല്ലാതെയോ തസ്തിക ഇല്ലാതായാൽ മുൻകൂർ അറിയിപ്പില്ലാതെ മുൻഗണനാക്രമം അനുസരിച്ച് തിരിച്ച് പഴയ തസ്തികയിലേക്ക് മാറ്റപ്പെടുന്നതുമാണ്.

സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകൻ സ്ഥാനക്കയറ്റം പരിത്യജിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ 7 ദിവസത്തിനകം സ്കൂൾ മേധാവി മുഖാന്തരം പരിത്യജനപത്രം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ പരിത്യജനപത്രം ലഭിച്ചില്ലായെങ്കിൽ സ്ഥാനക്കയറ്റം സ്വീകരിച്ചതായി പരിഗണിയ്ക്കുന്നതാണ്. സ്ഥാനക്കയറ്റം വഴി നിയമനം ലഭിച്ച അധ്യാപകൻ പുതിയ ലാവണത്തിൽ ഉടൻ പ്രാബല്യത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതും ബന്ധപ്പെട്ട സ്കൂൾ മേധാവികൾ ജോലിയ്ക്ക് ചേർന്ന വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ശ്രീകല.കെ.എസ്
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം

സ്വീകർത്താവ്:-
1.ശ്രീ.അഹമ്മദ്കോയ.സി
2.പ്രഥമാധ്യാപകൻ, ഗവ.ഹൈസ്കൂൾ വെസ്റ്റ് കൊല്ലം/ തഴവഗവഎവിഎച്ച്എസ്

പകർപ്പ്:-
ജില്ലാ വിദ്യാഭ്യാസ ആഫീസർ, കൊല്ലം

Sije
സെക്ഷൻ ഓഫീസർ

അനുബന്ധം - II

# കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം :- വിദ്യാഭ്യാസം -ജീവനക്കാര്യം- ഹൈസ്കൂൾ ടീച്ചർ അറബിക് ഫുൾ ടൈം തസ്തികയിലേക്ക് പാർട്ട് ടൈം ഹൈസ്കൂൾ ടീച്ചർമാരിൽ നിന്നുള്ള താൽക്കാലിക സ്ഥാനക്കയറ്റം- ഉത്തരവ് നൽകുന്നു.

പരാമർശം :- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 05.05.2018 ലെ എ.6/76182/17/ ഡി.പി.ഐ നമ്പർ കത്ത്

## ഉത്തരവ് നമ്പർ എ.3/2913/2014 തീയതി.29.05.2018

കൊല്ലം ജില്ലയിൽ നിലവിലുള്ള ഫുൾ ടൈം ഹൈസ്കൂൾ ടീച്ചർ (അറബിക്) തസ്തികയിലേക്ക് പരാമർശം (1) ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിരീക്ഷണകാലം പൂർത്തിയാക്കിയ പാർട്ട് ടൈം ഹൈസ്കൂൾ ടീച്ചർ (അറബിക്) തസ്തികയിൽ ജോലി ചെയ്തുവരുന്ന താഴെ പേര് ചേർത്തിരിക്കുന്ന അധ്യാപകരെ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

ഈ സ്ഥാനക്കയറ്റം വഴിയുള്ള നിയമനം താൽക്കാലികം മാത്രമാണെന്നും ഏത് സമയത്തും പുനഃപരിശോധനയ്ക്ക് വിധേയമാണെന്നും, ഏതെങ്കിലും കാരണവശാൽ തസ്തിക നഷ്ടം മൂലമോ അല്ലാതെയോ തസ്തിക ഇല്ലാതായാൽ മുൻകൂർ അറിയിപ്പില്ലാതെ മുൻഗണനാക്രമം അനുസരിച്ച് തിരിച്ച് പഴയ തസ്തികയിലേക്ക് മാറ്റപ്പെടുന്നതുമാണ്.

സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകർ സ്ഥാനക്കയറ്റം പരിത്യജിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ 7 ദിവസത്തിനകം സ്കൂൾ മേധാവി മുഖാന്തരം പരിത്യജനപത്രം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ പരിത്യജനപത്രം ലഭിച്ചില്ലായെങ്കിൽ സ്ഥാനക്കയറ്റം സ്വീകരിച്ചതായി പരിഗണിയ്ക്കുന്നതാണ്. സ്ഥാനക്കയറ്റം വഴി നിയമനം ലഭിച്ച അധ്യാപകർ പുതിയ ലാവണത്തിൽ ഉടൻ പ്രാബല്യത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതും ബന്ധപ്പെട്ട സ്കൂൾ മേധാവികൾ ജോലിയ്ക്ക് ചേർന്ന വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്,

| ക്രമ നമ്പർ | അധ്യാപകന്റെ പേരും, സ്കൂളും | സ്ഥാനക്കയറ്റം നൽകി നിയമിച്ച സ്കൂളിന്റെ പേര് |
|---|---|---|
| 1 | സ്വാലിഹ.പി.എ<br>എൽ.വി.എച്ച്.എസ്, കടപ്പ | ഗവൺമെന്റ് ഹൈസ്കൂൾ<br>കരുനാഗപ്പള്ളി |
| 2 | മുഹമ്മദ് ബാസിം<br>ഗവ.വി.എച്ച്.എസ്, കൊറ്റൻകുളങ്ങര | ഗവൺമെന്റ് ഹൈസ്കൂൾ<br>ചാത്തന്നൂർ |

ശ്രീകല.കെ.എസ്
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം

സ്വീകർത്താവ്:-
1. ശ്രീമതി.സ്വാലിഹ.പി.എ/ശ്രീ.മുഹമ്മദ് റാഫി
2. പ്രഥമാധ്യാപകൻ, ഗവ.ഹൈസ്കൂൾ കരുനാഗപ്പള്ളി/ചാത്തന്നൂർ/എൽ.വി.എച്ച്.എസ്. കടപ്പ/ഗവ.വി.എച്ച്.എസ്, കൊറ്റൻകുളങ്ങര

പകർപ്പ്:-
ജില്ലാ വിദ്യാഭ്യാസ ആഫീസർ, കൊല്ലം

സെക്ഷൻ ഓഫീസർ

അനുബന്ധം III

## കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

**വിഷയം :-** വിദ്യാഭ്യാസം -ജീവനക്കാര്യം- ഹൈസ്കൂൾ ടീച്ചർ അറബിക് ഫുൾ ടൈം തസ്തികയിലേക്ക് പാർട്ട് ടൈം ഹൈസ്കൂൾ ടീച്ചർമാരിൽ നിന്നുള്ള താൽക്കാലിക സ്ഥാനക്കയറ്റം- ഉത്തരവ് നൽകുന്നു.

**പരാമർശം :-** പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 05.05.2018 ലെ എ.6/76182/17/ ഡി.പി.ഐ നമ്പർ കത്ത്.

### ഉത്തരവ് നമ്പർ എ.3/2913/2014 തീയതി. 08.02.2019

കൊല്ലം ജില്ലയിൽ തഴവ.ഗവ.എ.വി.എച്ച്.എസ്സിൽ നിലവിലുള്ള ഫുൾ ടൈം ഹൈസ്കൂൾ ടീച്ചർ (അറബിക്) തസ്തികയിലേക്ക് പാർട്ട് ടൈം ഹൈസ്കൂൾ ടീച്ചർ (അറബിക്) തസ്തികയിൽ നിരീക്ഷണകാലം പൂർത്തിയാക്കിയ വെസ്റ്റ് കൊല്ലം ഗവ ഹൈസ്കൂളിലെ അധ്യാപകനായ ശ്രീ.അഹമ്മദ്കോയ.സിയെ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

ഈ സ്ഥാനക്കയറ്റം വഴിയുള്ള നിയമനം താൽക്കാലികം മാത്രമാണെന്നും ഏത് സമയത്തും പുനഃപരിശോധനയ്ക്ക് വിധേയമാണെന്നും, ഏതെങ്കിലും കാരണവശാൽ തസ്തിക നഷ്ടമം മൂലമോ അല്ലാതെയോ തസ്തിക ഇല്ലാതായാൽ മുൻകൂർ അറിയിപ്പില്ലാതെ മുൻഗണനാക്രമം അനുസരിച്ച് തിരിച്ച് പഴയ തസ്തികയിലേക്ക് മാറ്റപ്പെടുന്നതുമാണ്

സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകൻ സ്ഥാനക്കയറ്റം പരിത്യജിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ 7 ദിവസത്തിനകം സ്കൂൾ മേധാവി മുഖാന്തരം പരിത്യജനപത്രം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ പരിത്യജനപത്രം ലഭിച്ചില്ലായെങ്കിൽ സ്ഥാനക്കയറ്റം സ്വീകരിച്ചതായി പരിഗണിയ്ക്കുന്നതാണ്. സ്ഥാനക്കയറ്റം വഴി നിയമനം ലഭിച്ച അധ്യാപകൻ പുതിയ ലാവണത്തിൽ ഉടൻ പ്രാബല്യത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതും ബന്ധപ്പെട്ട സ്കൂൾ മേധാവികൾ ജോലിയ്ക്ക് ചേർന്ന വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ശ്രീകല.കെ.എസ്
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം

സ്വീകർത്താവ്:-

1.ശ്രീ.അഹമ്മദ്കോയ.സി

2.പ്രഥമാധ്യാപകൻ, ഗവ.ഹൈസ്കൂൾ വെസ്റ്റ് കൊല്ലം/ തഴവ.ഗവ.എ.വി.എച്ച്.എസ്

പകർപ്പ്:-

ജില്ലാ വിദ്യാഭ്യാസ ആഫീസർ, കൊല്ലം

Suji

സെക്ഷൻ ഓഫീസർ

DDEKLM/4000/2023-A3

അനുബന്ധം - IV

10475/2024

"ഭരണഭാഷ – മാതൃഭാഷ"

## കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ നടപടി ഉത്തരവ്

(ഹാജർ - ലാൽ കെ ഐ PEN: 592041 )

വിഷയം:- പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - ഹൈ സ്കൂൾ വിഭാഗം ഭാഷാധ്യാപകരുടെ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം-പാർട്ട് ടൈം എച്ച് എസ് ടി അറബിക് തസ്തികയിൽ നിന്നും എച്ച് എസ് ടി അറബിക് തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:-

1. ശ്രീ അൻസാർ എസ്, സമർപ്പിച്ച 25/01/2024 ലെ അപേക്ഷ
2. ശ്രീ അബൂബക്കർ ടി പി, സമർപ്പിച്ച 22/01/2024 ലെ അപേക്ഷ

**ഉത്തരവ് നമ്പർ : എ 3/4000/2023/ഡി ഡി ഇ തീയതി : 12-02-2024**

കൊല്ലം ജില്ലയിൽ നിലവിൽ പാർട്ട് ടൈം എച്ച് എസ് ടി അറബിക് തസ്തികയിൽ സേവനം ചെയ്യുന്ന ചുവടെ പേര് ചേർത്തിരിക്കുന്ന അധ്യാപകരെ എച്ച് എസ് ടി അറബിക് തസ്തികയിലേക്ക് താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ | സ്ഥാനക്കയറ്റം വഴി നിയമനം നൽകിയ സ്കൂൾ |
|---|---|---|---|
| 1 | അൻസാർ എസ് | ജി വി എച്ച് എസ് എസ് വെസ്റ്റ് കൊല്ലം | എം വി ജി വി എച്ച് എസ് എസ് , പേരൂർ |
| 2. | അബൂബക്കർ ടി പി | എം വി ജി വി എച്ച് എസ് എസ് , പേരൂർ | ജി എച്ച് എസ് എസ് പുനലൂർ |

സ്ഥാനക്കയറ്റം വഴിയുള്ള നിയമനം താൽക്കാലികം മാത്രമാണെന്നും ഏത് സമയത്തും പുന:പരിശോധനയ്ക്ക് വിധേയമാണെന്നും , ഏതെങ്കിലും കാരണവശാൽ തസ്തിക നഷ്ടം മൂലമോ അല്ലാതെയോ തസ്തിക ഇല്ലാതായാൽ മുൻകൂർ അറിയിപ്പില്ലാതെ മുൻഗണനാക്രമം അനുസരിച്ച് തിരിച്ച് പഴയ തസ്തികയിലേക്ക് മാറ്റപ്പെടുന്നതാണ്.

സ്ഥാനക്കയറ്റം വഴി നിയമനം ലഭിച്ച അധ്യാപകർ ജോലിയിൽ പ്രവേശിച്ച് തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷം നിരീക്ഷണകാലമായിരിക്കും. സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകർ പുതിയ ലാവണത്തിൽ ഉടൻ പ്രാബല്യത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതും ബന്ധപ്പെട്ട സ്കൂൾ പ്രധാനധ്യാപകർ , ജോലിയിൽ പ്രവേശിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

OFFICE OF THE DEPUTY DIRECTOR OF EDUCATION KOLLAM PIN-691 009

Sd/-

വിദ്യാഭ്യാസ ഉപഡയറക്ടർ,
കൊല്ലം

സ്വീകർത്താവ് :

1. അൻസാർ എസ് , പാർട്ട് ടൈം എച്ച് എസ് ടി അറബിക്
2. അബൂബക്കർ ടി പി , പാർട്ട് ടൈം എച്ച് എസ് ടി അറബിക്

പകർപ്പ്

1. പ്രധാനാധ്യാപകൻ , ജി വി എച്ച് എസ് എസ് വെസ്റ്റ് കൊല്ലം
2. പ്രധാനാധ്യാപകൻ, എം വി ജി വി എച്ച് എസ് എസ് , പേരൂർ
3. പ്രധാനാധ്യാപകൻ, ജി എച്ച് എസ് എസ് പുനലൂർ
3. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ,കൊല്ലം / പുനലൂർ
4. കരുതൽ ഫയൽ

Sign

സെക്ഷൻ ഓഫീസർ

CS CamScanner

അനുബന്ധം V

82 അടിയന്തിരം

1386

"ഭരണഭാഷ- മാതൃഭാഷ"

നം.എൻ6/76182/17/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,തിരുവനന്തപുരം,
തീയതി: 05.05.2018

പൊതു വിദ്യാഭ്യാസ ഡയറക്ടർ.

വിദ്യാഭ്യാസ ഉപഡയറക്ടർ,
കൊല്ലം.

സർ,

വിഷയം: പൊതുവിദ്യാഭ്യാസം - പാർട്ട്ടൈം എച്ച്.എസ്.എ. അറബിക് തസ്തികയിൽ നിന്നും ഫുൾ ടൈം എച്ച്.എസ്.എ. അറബിക് പ്രമോഷൻ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന:
1. 22.11.2017 തീയതിയിലെ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ എ3/2913/2014 നമ്പർ കത്ത്
2. ശ്രീ.അബൂബക്കറിന്റെ 09.10.2017,15.02.2018,13.03.2018 എന്നീ തീയതികളിലെ അപേക്ഷ

****

സൂചനകത്തുകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരള പി.എസ്.സി. കൊല്ലം ജില്ലാ റാങ്ക് ലിസ്റ്റിൽ നിന്നും 02.05.2017-ന് പാർട്ട് ടൈം എച്ച്.എസ്.എ. അറബിക് തസ്തികയിൽ നിയമന ശുപാർശ ലഭിച്ച ശ്രീ.അബൂബക്കർ റ്റി.പി. തനിക്ക് 10 മാസം കഴിഞ്ഞിട്ടും നിയമനം ലഭിച്ചിട്ടില്ല എന്ന കാരണം ചൂണ്ടിക്കാട്ടി (സൂചന (2)) പരാതികൾ സമർപ്പിച്ചിരുന്നു. കൊല്ലം ജില്ലയിൽ ടിയാനെ ഉൾക്കൊള്ളാൻ ഒഴിവ് നിലവിലില്ലാത്തതിനാലാണ് ടിയാന് നിയമനം നൽകാൻ കഴിയാത്തത് എന്ന് താങ്കൾ സൂചന ഒന്ന് പ്രകാരം അറിയിച്ചിരുന്നു. എന്നാൽ പി.എസ്.സി വഴി നിയമനം ലഭിക്കുവാനുള്ള പ്രായപരിധി കഴിയാറായതായും ടിയാന്റെ പരാതിയിൽ പറയുന്നു.

കൊല്ലത്ത് എച്ച്.എസ്.എ. അറബിക് ഫുൾ ടൈം തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ട്. എന്നാൽ ഈ ഒഴിവുകളിൽ പാർട്ട് ടൈം എച്ച്.എസ്.എ. അറബിക് തസ്തികയിൽ നിന്നാണോ ഫുൾടൈം ജൂനിയർ അറബിക് തസ്തികയിൽ നിന്നാണോ (സീനിയർ) സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.എ. അറബിക് ആയി നിയമനം നൽകേണ്ടത് എന്നതിലാണ് തർക്കം നിലനിൽക്കുന്നത്. ഭാഷാദ്ധ്യാപക തസ്തികകളിൽ എച്ച്.എസ്.എ. ആയി പ്രമോഷൻ നൽകേണ്ടത് ആർക്കാണെന്ന കാര്യത്തിൽ എയ്ഡഡ് സ്കൂളിന്റെ കാര്യത്തിൽ കൃത്യമായ വ്യവസ്ഥ നിലവിലുണ്ട്. കെ.ഇ.ആർ. അദ്ധ്യായം XIV എ ചട്ടം 43-ന്റെ ഉപചട്ടം-1 ലാണ് ഇത് സംബന്ധിച്ച് വ്യവസ്ഥയുള്ളത്. സർക്കാർ സ്കൂളിന് പ്രത്യേക മാനദണ്ഡം ഇല്ലാത്തതിനാൽ ഇതേ മാനദണ്ഡം തുടരുന്നതിൽ തടസ്സം കാണുന്നില്ല.

True copy

State Public Information ...
Deputy Director of Ed...
Thevally P.O., Ko...

സെക്ഷൻ ഓഫീസർ

## അനുബന്ധം -VI

**സംസ്ഥാനത്താകെ എച്ച്.എസ്.ടി, യു.പി.എസ്.ടി, എൽ.പി.എസ്.ടി വിഭാഗങ്ങളിൽ ഭാഷാ അധ്യാപകർ (അറബിക്, ഉർദു, സംസ്കൃതം) പാർട്ട് ടൈം തസ്തികയിൽ ജോലി ചെയ്യുന്നവരുടെ വിവരം ജില്ലയും,വിഭാഗവും തിരിച്ച് ചേർക്കുന്നു.**

| ജില്ല | പാർട്ട് ടൈം എച്ച്.എസ്.ടി (അറബിക്) | പാർട്ട് ടൈം എച്ച് .എസ് . ടി (സംസ്കൃതം) | പാർട്ട് ടൈം എച്ച് .എസ്.ടി (ഉർദു ) | പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ .പി .എസ് ) | പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ സംസ്കൃതം (എൽ .പി .എസ് ) | പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ ഉർദു (എൽ.പി .എസ് ) | പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (യു .പി .എസ് ) | പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ സംസ്കൃതം (യു .പി .എസ് ) | പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ ഉർദു (യു .പി .എസ് ) |
|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 2 | | | 4 | | | 5 | 41 | |
| കൊല്ലം | | 4 | | | | | 2 | 31 | |
| ആലപ്പുഴ | | | | 1 | | | | 13 | |
| പത്തനംതിട്ട | | | | | | | | 8 | |
| കോട്ടയം | | | | 1 | | | | 16 | |
| ഇടുക്കി | | | | 1 | | | | 8 | |
| എറണാകുളം | 3 | 3 | | | | | 1 | 8 | |
| തൃശ്ശൂർ | 3 | 12 | 2 | 3 | | | | 14 | |
| പാലക്കാട് | 2 | 3 | 2 | 6 | | | 3 | 9 | 2 |
| മലപ്പുറം | | 8 | 16 | 1 | | | | 10 | 22 |
| കോഴിക്കോട് | 25 | 19 | 15 | 19 | | | 12 | 38 | 32 |
| വയനാട് | 2 | 5 | 2 | 5 | | | | 8 | 11 |
| കണ്ണൂർ | 6 | 26 | 10 | 2 | | | 1 | 23 | 7 |
| കാസർഗോഡ് | 5 | 6 | 7 | 9 | 2 | 2 | 3 | 30 | 24 |
| **ആകെ** | **48** | **86** | **54** | **52** | **2** | **2** | **27** | **257** | **98** |

Sujil

സെക്ഷൻ ഓഫീസർ